**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4878** **01-11-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് അനുമതി നിഷേധിച്ചു കൊണ്ട് സർവ ശിക്ഷാ കേരളയുടെ വർക്കിംഗ് ഗ്രൂപ്പ് യോഗം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | ഇല്ല . എന്നാൽ സ്കൂൾ തുറന്നു പ്രവർത്തിക്കാൻ തീരുമാനമെടുക്കു ന്നതിനു മുൻപാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നത്. സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ യൂണിഫോം നൽകേണ്ടതില്ല എന്ന് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അഭിപ്രായം ഉയർന്ന തിനെ തുടർന്നാണ് ഭരണാനുമതി നൽകാതിരുന്നത്. എന്നാൽ സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | കോവിഡാനന്തരം വിദ്യാലയങ്ങൾ തുറക്കുന്ന സാഹചര്യത്തിൽ ഈ പദ്ധതി അവതാളത്തിലാകും എന്നതിനാൽ വിദ്യർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമോ; | (ബി) | ഇല്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടായാൽ, ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സൗജന്യ യൂണിഫോം പദ്ധതി നടപ്പാക്കുവാൻ മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ